ഉത്തരം

(എ) പത്താം പഞ്ചവത്സര പദ്ധതിയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും അവയുടെ സമഗ്രവികസനത്തിന് മൊത്തമായും ഓരോ വികസന മേഖലയ്ക്ക് പ്രത്യേകമായും ഒരു ദീർഘദൂര വികസന കാഴ്ചപ്പാട് ആവിഷ്കരിക്കേണ്ടത് ആണെന്നാണ് നിർദ്ദേശം നൽകിയിരുന്നത്. അതുപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ തന്നെ രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകളാണ് അതത് വികസന മേഖലകളിലെ മുൻ വാർഷിക പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് പ്രശ്നങ്ങളും ആവശ്യങ്ങളും സാദ്ധ്യതകളും തിരിച്ചറിഞ്ഞ് ബന്ധപ്പെട്ട വികസനമേഖലയുടെയും തദ്ദേശഭരണ സ്ഥാപനത്തിന്റെയും വികസന കാഴ്ചപ്പാടിന് രൂപം നൽകിയിട്ടുള്ളത്. മുൻഗണനകളുടെയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ വികസന കാഴ്ചപ്പാട് നടപ്പാക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ നിർദ്ദേശിക്കുകയും അതിന് അനുയോജ്യമായ പ്രോജക്ടുകൾ തയ്യാറാക്കുകയും ചെയ്തിട്ടുള്ളതും വർക്കിംഗ് ഗ്രൂപ്പുകളാണ്.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് കൈമാറ്റിയിട്ടുള്ള ഉദ്യോഗസ്ഥർ കൂടി ഉൾപ്പെടുന്ന വർക്കിംഗ് ഗ്രൂപ്പുകളാണ് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ തയ്യാറാക്കുന്നത്. അതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ഒറ്റയ്ക്കോ സംയുക്തമായോ തയ്യാറാക്കുന്ന പ്രോജക്ടുകൾക്ക് ബന്ധപ്പെട്ട വികസന മേഖലയിലെ ഉദ്യോഗസ്ഥർ മുഖേന സാങ്കേതിക സഹായം ലഭ്യമാകുന്നതാണ്.

ശുചീകരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ നടപടി

92 (3046) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പലതരം പനി ബാധിച്ചുള്ള മരണം വ്യാപകമായി കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ ശുചീകരണ പ്രവർത്തനങ്ങളെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും തരത്തിലുള്ള ആലോചന നടത്തിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സമ്പൂർണ്ണ ശുചിത്വ കേരളം പദ്ധതിക്ക് രൂപം നല്കി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കൊതുക് നിവാരണം, മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ ഇവ ഊർജ്ജിത പെടുത്തുന്നതിന് നഗരസഭകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും കർശന നിർദ്ദേശം നൽകുകയും അവ നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. ടി പ്രവർത്തനങ്ങൾ അവലോകനം ചെയ്യാൻ

LIBRARY ARCHIVES Kerala Legislative Assembly

നഗരസഭാദ്ധ്യക്ഷൻമാർ, സെക്രട്ടറിമാർ ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവരുടെ ഒരു യോഗം തിരുവനന്തപുരത്ത് 3-7-2003-ൽ ചേരുകയും ഭാവി പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയുമുണ്ടായി.

(ബി) "ക്ലീൻ കേരള പദ്ധതി" യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതാണ്.

ടൗൺഷിപ്പായി പ്രഖ്യാപിക്കുവാൻ ആവശ്യമായ ഘടകങ്ങൾ

93 (3047) ശ്രീ. കെ. പി. മോഹനൻ :
ഡോ. എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ടൗൺഷിപ്പുകൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ടൗൺഷിപ്പായി പ്രഖ്യാപിക്കുവാൻ ആവശ്യമായ ഘടകങ്ങൾ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്താമോ ;

(സി) ഈ ഘടകങ്ങൾ എല്ലാം ഉള്ള പഞ്ചായത്തുകൾ ടൗൺഷിപ്പായി പ്രഖ്യാപിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ ടൗൺഷിപ്പുകൾ ഇല്ല.

(ബി) ടൗൺഷിപ്പുകൾ രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥകളൊന്നും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ഇൻഫർമേഷൻ കേരള മിഷന്റെ പ്രവർത്തനം

94 (3048) ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ കേരള മിഷന്റെ പ്രവർത്തനത്തിന് ഇതുവരെ എന്ത് ചെലവ് വന്നിട്ടുണ്ട് ;

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി കേന്ദ്രഗവൺമെന്റ് എന്ത് തുക നൽകിയിട്ടുണ്ട് ;

(സി) ഈ പദ്ധതിയുടെ പ്രവർത്തനം എത്ര ശതമാനം ഇതുവരെ പൂർത്തിയാക്കി ;

LIBRARY ARCHIVES Kerala Legislative Assembly